# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.727**     **03/12/2014-ൽ മറുപടിക്ക്**

## കാൻസർ രോഗം പ്രതിരോധിക്കുന്നതിനും ചികിത്സാ ചെലവ് വഹിക്കുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ച വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാൻസർ രോഗം പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) | ക്യാൻസർ രോഗം നിയന്ത്രിക്കുന്നതിനായി നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആർ.സി.സി. നടത്തുന്നുണ്ട്. ആർ.സി.സി.യുടെ കമ്മ്യൂണിററി ഓംകോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഴ്ചയിൽ മൂന്നുദിവസം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ക്ളാസ്സുകളും, ക്യാൻസർ നിർണ്ണയ ക്യാംപുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പത്രമാസികകൾ മററ് പ്രസിദ്ധീകരണങ്ങൾ, ആകാശവാണി, ദൂരദർശൻകേന്ദ്രം. സ്വകാര്യ ടി.വി. ചാനലുകൾ എന്നിവ വഴി ബോധന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>കൂടാതെ എറണാകുളം, പാലക്കാട് എന്നി ജില്ലകളിൽ ക്യാൻസർ രോഗനിർണ്ണയത്തിനായിആർ.സി.സി.യുടെ കീഴിൽ ഏർളി ക്യാൻസർ ഡിററക്ഷൻ സെൻററുകൾ (ECDC) പ്രവർത്തിച്ചുവരുന്നുണ്ട്. ഇതു കൂടാതെ കണ്ണൂർ, പത്തനംതിട്ട, കൊല്ലം, എന്നിവിടങ്ങളിലും ആർ.സി.സി.യുടെ മേൽനോട്ടത്തിൽ ECDC-കൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഗവൺമെൻറ് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ഹോസ്പിററലിലും കാൻസർ ചികിൽസാ സൗകര്യങ്ങളും മററ് രോഗ നിയന്ത്രണ സൗകര്യങ്ങളും നിലവിലുണ്ട്. |
| (ബി) | 2004 മുതൽ 2014 വരെയുള്ള 10 വർഷക്കാലത്തിനുള്ളിൽ ഓരോ വർഷവും എത്രപേർ കാൻസർ രോഗം ബാധിച്ച് മരണമടഞ്ഞിട്ടുണ്ടെന്ന വിശദമാക്കാമോ ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | നിർദ്ധനരായ കാൻസർ രോഗികളുടെ ചികിത്സാ ചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ? | (സി) | ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കാൻസർ രോഗികളുടെ മൂന്നു ലക്ഷം രൂപ വരെയുള്ള ചികിൽസാ ചെലവുകൾ സൗജന്യമാക്കിക്കൊണ്ട് 01-11-2014 മുതൽ സുകൃതം പദ്ധതി സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. ഇതു കൂടാതെ നിർധനരായ രോഗികൾക്കായി കാരുണ്യ ബെനവലൻറ് ഫണ്ട്, ചിസ് പ്ളസ് തുടങ്ങിയ പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## 2009മുതൽ 2014 വരെ ആർ.സി.സി.യിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ വിശദാംശം

| ജില്ല | 2009-2010 | | 2010-2011 | | 2011-2012 | | 2012-2013 | | 2013-2014 | |
|---|---|---|---|---|---|---|---|---|---|---|
| | # | % | # | % | # | % | # | % | # | % |
| തിരുവനന്തപുരം | 2559 | 22.4 | 2512 | 21.6 | 2601 | 20.6 | 2748 | 20.8 | 2854 | 21.7 |
| കൊല്ലം | 1990 | 17.4 | 1988 | 17.1 | 2083 | 16.5 | 2188 | 16.5 | 2217 | 16.9 |
| പത്തനംതിട്ട | 654 | 5.7 | 651 | 5.6 | 702 | 5.6 | 700 | 5.3 | 704 | 5.4 |
| ആലപ്പുഴ | 679 | 5.9 | 619 | 5.3 | 692 | 5.5 | 742 | 5.6 | 728 | 5.5 |
| കോട്ടയം | 331 | 2.9 | 333 | 2.9 | 406 | 3.2 | 353 | 2.7 | 422 | 3.2 |
| ഇടുക്കി | 169 | 1.5 | 178 | 1.5 | 204 | 1.6 | 212 | 1.6 | 192 | 1.5 |
| എറണാകുളം | 534 | 4.7 | 537 | 4.6 | 494 | 3.9 | 506 | 3.8 | 553 | 4.2 |
| തൃശ്ശൂർ | 501 | 4.4 | 587 | 5.0 | 659 | 5.2 | 821 | 6.2 | 813 | 6.2 |
| പാലക്കാട് | 593 | 5.2 | 674 | 5.8 | 768 | 6.1 | 836 | 6.3 | 833 | 6.3 |
| കാലിക്കട്ട് | 389 | 3.4 | 452 | 3.9 | 482 | 3.8 | 469 | 3.5 | 418 | 3.2 |
| മലപ്പുറം | 743 | 6.5 | 803 | 6.9 | 909 | 7.2 | 957 | 7.2 | 963 | 7.3 |
| വയനാട് | 85 | 0.7 | 75 | 0.6 | 94 | 0.7 | 113 | 0.9 | 106 | 0.8 |
| കാസർഗോഡ് | 157 | 1.4 | 179 | 1.5 | 175 | 1.4 | 203 | 1.5 | 170 | 1.3 |
| കണ്ണൂർ | 425 | 3.7 | 417 | 3.6 | 429 | 3.4 | 361 | 2.7 | 320 | 2.4 |
| മററുള്ളവ | 1615 | 14.1 | 1621 | 13.9 | 1899 | 15.1 | 2030 | 15.3 | 1835 | 14.0 |
| **ആകെ** | **11424** | | **11626** | | **12597** | | **13239** | | **13128** | |

## ആർ.സി.സി.യിൽ രജിസ്റ്റർ ചെയ്ത ക്യാൻസർ രോഗികളിൽ ആർ.സി.സി.യിൽ വച്ച് മരണം സംഭവിച്ച രോഗികളുടെ വിശദാംശം

| വർഷം | ക്യാൻസർ രോഗം മൂലം ആർ.സി.സി.യിൽ വച്ച് മരണമടഞ്ഞ ക്യാൻസർ രോഗികളുടെ എണ്ണം |
|---|---|
| 2004-2005 | 593 |
| 2005-2006 | 602 |
| 2006-2007 | 612 |
| 2007-2008 | 675 |
| 2008-2009 | 662 |
| 2009-2010 | 646 |
| 2010-2011 | 787 |
| 2011-2012 | 668 |
| 2012-2013 | 737 |